**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 737** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ചക്കിട്ടപ്പാറ പഞ്ചായത്തിലെ വന്യജീവി ശല്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ മലയോര മേഖലകളിലെ കർഷകർ നേരിടുന്ന കാട്ടുപന്നി, കുരങ്ങ്, കാട്ടാന മുതലായ വന്യജീവികളുടെ ശല്യം മൂലമുള്ള കടുത്ത പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** പേരാമ്പ്ര നിയോജകമണ്ഡലത്തില ചക്കിട്ടപ്പാറ പഞ്ചായത്തിലെ മലയോര മേഖലകളിൽ കാട്ടാന, കാട്ടുപോത്ത്, കാട്ടുപന്നി, കുരങ്ങ്, മലയണ്ണാൻ തുടങ്ങിയ വന്യജീവികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** മുൻ സർക്കാരുകളുടെ കാലങ്ങളിൽ (2016 - 2026) വന്യമൃഗശല്യം തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ആയതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് 07/03/2024 ന് സ.ഉ. (കൈ) നം. 4/2024/DMD പ്രകാരം വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെ തുടർന്ന് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി സംസ്ഥാനതല എമർജൻസി ഓപറേഷൻ സെന്ററും (SFEOC), ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപറേഷൻ സെന്ററുകളും (DFEOCs) രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 372.796 ലക്ഷം രൂപയും RRT കളുടെ ശാക്തീകരണത്തിനായി 3 കോടി രൂപയും വെറ്ററിനറി യൂണിറ്റിന്റെ ശാക്തീകരണത്തിനായി 134 ലക്ഷം രൂപയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും അനുവദിക്കുകയും പ്രവൃത്തികൾ നിറവേറ്റി വരുന്നതുമാണ്. 2024-25 കാലയളവിൽ പുതുതായി 9 RRT കളും വിവിധ പഞ്ചായത്തുകളിലായി 327 PRT കളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ജനവാസ മേഖലയോട് ചേർന്നുള്ള വനപ്രദേശങ്ങളിലും സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവിടങ്ങളിലും അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**(സി)** മലയോര മേഖലകളിൽ നിന്നും വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയാൻ സോളാർ ഹാങ്ങിങ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

**മറുപടി:** മലയോര മേഖലകളിൽ നിന്നും വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുന്നത് തടയാൻ സോളാർ ഹാങ്ങിങ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും പ്രത്യേക ഫണ്ട് അനുവദിക്കാറില്ലെങ്കിലും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സോളാർ ഹാംഗിങ്ങ് ഫെൻസിങ്ങ് നിർമ്മാണത്തിന് ആവശ്യമായ തുക ചെലവഴിക്കുകയാണ് ചെയ്യുന്നത്.

**(ഡി)** വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനും ആയത് കാലതാമസമില്ലാതെ വിതരണം ചെയ്യുന്നതിനും എന്തെല്ലാം പദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** വന്യജീവി സംഘർഷം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് കാർഷിക വിളകൾക്ക് സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള സാധ്യത ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**